**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1647 — 03.05.2017 ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിൽ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ഏതെല്ലാം പി.എച്ച്.സി.കളെയാണ് രോഗീസൗഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 28.03.2017-ാം തീയതിയിലെ ജി.ഒ (ആർ.ടി) നം.845/2017/എച്ച് &എഫ്.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിൽ നിന്നും തെരെഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:<br>1 പ്രാഥമികാരോഗ്യ കേന്ദ്രം, ശ്രീകൃഷ്ണപുരം<br>2 പ്രാഥമികാരോഗ്യ കേന്ദ്രം, കൊല്ലങ്കോട്<br>3 പ്രാഥമികാരോഗ്യ കേന്ദ്രം, കുമരനല്ലൂർ<br>4 പ്രാഥമികാരോഗ്യ കേന്ദ്രം, കുമരംപുത്തൂർ<br>5 പ്രാഥമികാരോഗ്യ കേന്ദ്രം, വണ്ടാഴി<br>6 പ്രാഥമികാരോഗ്യ കേന്ദ്രം, മാത്തൂർ<br>7 പ്രാഥമികാരോഗ്യ കേന്ദ്രം, കല്ലടിക്കോട്<br>8 പ്രാഥമികാരോഗ്യ കേന്ദ്രം, കുത്തന്നൂർ<br>9 പ്രാഥമികാരോഗ്യ കേന്ദ്രം, അടയ്ക്കാപുത്തൂർ<br>10 പ്രാഥമികാരോഗ്യ കേന്ദ്രം, ഒഴലപ്പതി<br>11 പ്രാഥമികാരോഗ്യ കേന്ദ്രം, പുതുപ്പരിയാരം<br>12 പ്രാഥമികാരോഗ്യ കേന്ദ്രം, മങ്കര<br>13 പ്രാഥമികാരോഗ്യ കേന്ദ്രം, കിഴക്കൻചേരി<br>14 പ്രാഥമികാരോഗ്യ കേന്ദ്രം, പുതൂർ-അട്ടപ്പാടി<br>15 പ്രാഥമികാരോഗ്യ കേന്ദ്രം, നെല്ലായ<br>16 പ്രാഥമികാരോഗ്യ കേന്ദ്രം, ഓങ്ങല്ലൂർ<br>ഈ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ രോഗീസൗഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ഈ |

| | | | |
|---|---|---|---|
| | | | പി.എച്ച്.സി-കളിലേക്ക് ആവശ്യമായ ഡോക്ടർമാരുടെയും, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻമാരുടെയും അധിക തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (ബി) | ആർദ്രം മിഷന്റെ ജില്ലാതല യോഗം എന്നാണ് നടന്നത്; അതിന്റെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | ആർദ്രം മിഷന്റെ ജില്ലാതല (പാലക്കാട്) ഉദ്ഘാടനം 18.03.2017 -ാം തീയതി ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ബാപ്പുജി പാർക്കിൽ വച്ച് നടന്നു.<br>എല്ലാ ആരോഗ്യ സ്ഥാപനങ്ങളും രോഗീ സൗഹാർദ്രപരമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നും, മികച്ച രീതിയിൽ പ്രാഥമിക പ്രതിരോധ സേവനങ്ങൾ നൽകാൻ വേണ്ട മുന്നൊരുക്കങ്ങൾ നടത്തണമെന്നും ആരോഗ്യ അവലോകന റിപ്പോർട്ട് എല്ലാ ഗ്രാമസഭകളിലും സമർപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ സംബന്ധിയായ സാമൂഹ്യഘടകങ്ങളെ കോർത്തിണക്കിയ പ്രോജക്ടുകൾ രൂപപ്പെടുത്തുവാനും തീരുമാനിച്ചു. |
| (സി) | ആർദ്രം മിഷനിലൂടെ എന്തെല്ലാം പദ്ധതികളാണ് ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ആർദ്രം മിഷന്റെ ഭാഗമായി 28.03.2017 ലെ സ.ഉ(സാധാ)നം.845/17/ആ.കു.വ പ്രകാരം 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനു തെരെഞ്ഞെടുത്തിട്ടുണ്ട്. ഒരു താലൂക്കിൽ മാനദണ്ഡ പ്രകാരമുള്ള ഒരു താലൂക്കാശുപത്രിയും, ജില്ലയിൽ മാനദണ്ഡ പ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പ് വരുത്തുന്നതായിരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 2000 കോടി രൂപയുടെ അടിസ്ഥാന വികസന സൗകര്യത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ/താലൂക്ക് തല ആശുപത്രികളിലേക്ക് അധികമായി വേണ്ടിവരുന്ന ആശുപത്രി ഉപകരണങ്ങൾക്ക് 2016-17 സാമ്പത്തിക ബഡ്ജറ്റിൽ 23 കോടി രൂപയും, 2017-2018 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതം 45 കോടി രൂപയും ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി |

| | | | | |
|---|---|---|---|---|
| | | | | നൽകിയിട്ടുണ്ട്. അതുപോലെ കാത്ത് ലാബുകൾ ഇല്ലാത്ത ജില്ലാ ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് 12 കോടി രൂപയും ഡയാലിസിസ് യൂണിറ്റുകൾ ഇല്ലാത്ത ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിനായി പത്ത് കോടി എൺപത് ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിഹിതം ജില്ലയ്ക്ക് ലഭിക്കുന്നതിന് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ഈ മിഷൻ പദ്ധതിയ്ക്കായി പ്രോജക്ടുകൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ